ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

ഐ.ടി.ഐ. കളിൽ ആധുനിക രീതിയിലുള്ള കോഴ്സുകൾ

230 (4516) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.കളിൽ ആധുനിക രീതിയിലുള്ള കോഴ്സുകൾ കൂടി ഉൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ആധുനികവൽക്കരണത്തിലെ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്താൻ ഐ.ടി.ഐ.കളെ പര്യാപ്തമാക്കുമോ; ഇതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ഇപ്പോൾ നടത്തിവരുന്നതും, തൊഴിൽ സാധ്യതകൾ കുറഞ്ഞതുമായ ട്രേഡുകൾക്ക് പകരം തൊഴിൽ സാധ്യതകളുള്ള ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഐ.ടി.ഐ.-കൾ കേന്ദ്രീകരിച്ച് ആരംഭിച്ചിട്ടുണ്ട്. ഐ.ടി.ഐ. കളെ നവീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പ്രോജക്ട് കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കി വരുന്നു. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കിയ പൊതുസ്വകാര്യ പങ്കാളിത്തത്തോടെ 1396 ഐ.ടി.ഐ. കളുടെ നിലവാരമുയർത്തൽ എന്ന പദ്ധതി പ്രകാരം 22 ഐ.ടി.ഐ. കൾ അപ്ഗ്രേഡ് ചെയ്യുകയും പുതിയ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (എസ്.സി.വി.റ്റി.) തീരുമാനപ്രകാരം സംസ്ഥാനത്തെ വിവിധ ഐ.ടി.ഐ. കളിൽ പരിശീലനം നൽകിവരുന്ന ട്രേഡുകളുടെ തുടർ സാധ്യതകൾ സംബന്ധിച്ച് പഠനം നടത്തുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ., അഡ്വക്കേറ്റ് ശ്രീ. വി. ടി. ബൽറാം ചെയർമാനായി എസ്.സി.വി.റ്റി. യുടെ ഒരു സബ് കമ്മിറ്റി രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിലുള്ള ട്രേഡുകൾക്ക് പകരം തൊഴിൽ സാധ്യതയുള്ള ട്രേഡുകൾ ആരംഭിക്കുന്നതിനും, ഐ.ടി.ഐ. കളിലുള്ള സൗകര്യങ്ങൾ നവീകരിക്കുന്നതിനും അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ തുക ശിപാർശ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly